STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.620/PR/SPMC/PHQ/2020 Date :22.11.2020

## പോലീസുകാരുടെ പരാതി പരിഹരിക്കാൻ ഡി.ജി.പി യുടെ പ്രത്യേക വീഡിയോ കോൺഫറൻസ് സംവിധാനം; ആദ്യഘട്ടത്തിൽ ഇടുക്കിയും കണ്ണൂരും

പോലീസ് ഉദ്യോഗസ്ഥരുടെ വ്യക്തിപരവും സർവ്വീസ് സംബന്ധവുമായ പ്രശ്നങ്ങൾ സംസ്ഥാന പോലീസ് മേധാവിക്കു മുൻപിൽ ഓൺലൈൻ വഴി അവതരിപ്പിച്ച് പ്രശ്നപരിഹാരം സാധ്യമാക്കുന്ന പദ്ധതിക്ക് വ്യാഴാഴ്ച്ച തുടക്കമാകും.

SPC TALKS TO COPS എന്ന് നാമകരണം ചെയ്തിരിക്കുന്ന ഈ പദ്ധതിയുടെ പ്രധാന പ്രത്യേകത പോലീസ് ഉദ്യോഗസ്ഥർക്ക് നേരിട്ട് തന്നെ ഡി.ജി.പി ക്ക് പരാതി നൽകാമെന്നതാണ്. മുൻകൂട്ടി ലഭിച്ച പരാതികളിൽ പ്രാഥമിക അന്വേഷണം നടത്തിയശേഷം തിരഞ്ഞെടുക്കപ്പെട്ട പരാതിക്കാരോട് സംസ്ഥാന പോലീസ് മേധാവി വീഡിയോ കോൺഫറൻസ് വഴി സംസാരിക്കും. പോലീസ് ഉദ്യോഗസ്ഥർക്കും അവരുടെ ജീവിത പങ്കാളിക്കും വിരമിച്ച പോലീസ് ഉദ്യോഗസ്ഥർക്കും പരാതി നൽകാം. കണ്ണൂർ, ഇടുക്കി ജില്ലകളിലെ പരാതികളാണ് വ്യാഴാഴ്ച്ച പരിഗണിക്കുന്നത്. ഈ ജില്ലകളിലെ പരാതികൾ നവംബർ 24 ന് മുൻപ് spctalkstocops.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ ലഭിക്കണം.

ആഴ്ച്ചയിൽ രണ്ട് ജില്ലകളിലെ വീതം പരാതികൾ ഇപ്രകാരം വീഡിയോ കോൺഫറൻസ് വഴി പരിഗണിക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചു. ഇതിനായി പോലീസ് ആസ്ഥാനത്ത് പ്രത്യേക സെല്ലിന് രൂപം നൽകി.

************************